# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2979

15.12.2015 ൽ മറുപടിയ്ക്ക്

**സ്വകാര്യ- സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) അൻപത് ശതമാനം സീറ്റ് സർക്കാരിന് വിട്ടുനൽകാത്ത സ്വകാര്യ- സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) എഞ്ചിനീയറിംഗ് കോളേജുകൾ എല്ലാം 2012 മുതൽ 50% സീറ്റ് സർക്കാരിന് അലോട്ട്മെന്റിനായി നൽകിയിട്ടുണ്ട്. അൻപത് ശതമാനം സീറ്റ് സർക്കാരിന് വിട്ടുനൽകാത്ത മെഡിക്കൽ കോളേജുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleegs or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 2006 (Act 19 of 2006) ലെ 14(1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറി നിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. 2011 ൽ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സമയൻസ് -തൃശ്ശൂർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് -തൃശ്ശൂർ, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്- കോലഞ്ചേരി, പുഷ്പ ഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് -തിരുവല്ല എന്നീ മെഡിക്കൽ കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടില്ല. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരമേറ്റശേഷം മാനേജുമെന്റുകൾ അൻപത് ശതമാനം സീറ്റുകൾ സർക്കാരിന് വിട്ടുനൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ്; | ബി) | 2012 മുതൽ കരുണ മെഡിക്കൽ കോളേജ് - പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ് - കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളും, 2014 മുതൽ എം.ഇ.എസ്. മെഡിക്കൽ കോളേജ് - പെരിന്തൽമണ്ണ, കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് -കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളും, 2015-ൽ കൊല്ലം അസീസിയ മെഡിക്കൽ കോളേജും സർക്കാരുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. |
| സി) | ഏതെല്ലാം കോളേജുകൾ സ്വന്തം നിലയിൽ മുഴുവൻ സീറ്റുകളിലും പ്രവേശനം നടത്തുകയുണ്ടായി; | സി) | ന്യൂനപക്ഷ പദവിയുള്ള താഴെ പറയുന്ന 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്.<br>1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം<br>2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം<br>3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം<br>4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ<br>6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട് |
| ഡി) | സർക്കാരുമായി സഹകരിക്കാത്ത കോളേജുകൾക്കെതിരെ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | ഡി) | യഥാസമയം നടപടി സ്വീകരിക്കുകയും 2014-15 അദ്ധ്യയന വർഷം സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നല്കി വന്നിരുന്ന സൗകര്യങ്ങൾ പിൻവലിച്ചുകൊണ്ട് 10.3.2015 ലെ സ.ഉ. (ആർ.ടി.) 810/2015/ആ.കു.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ